**ഓർമ**

**കെ.എം. സലീംകുമാർ**

# മണ്ടേല സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും പ്രതീകം.



നെൽസൺ മണ്ടേല അന്തരിച്ചു. 2013 ഡിസംബർ 5 ന് 95-മത്തെ വയസ്സിൽ ജോഹന്നാസ് ബർഗിലായിരുന്നു അന്ത്യം.

വർണവിവേചനത്തിന്റെ ഇരുണ്ട നൂറ്റാണ്ടുകളിൽ നിന്ന് ദക്ഷിണാഫ്രിക്കയിലെ കറുത്തവരുടെ ആത്മാഭിമാനം വീണ്ടെടുത്ത് അവരെ സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും സൂര്യവെളിച്ചത്തിലേക്ക് നയിച്ച മണ്ടേല ഇനിവരും കാലത്തിന്റെ ഓർമ്മ, ചരിത്രത്തിന്റെ വ്യാഖ്യാനം.

മണ്ടേലയുടെ മരണവാർത്ത ലോകത്തെ അറിയിച്ചുകൊണ്ട് ദക്ഷിണാഫ്രിക്കൻ പ്രസിഡണ്ട് ജേക്കബ് സുമ പറഞ്ഞത് ഇങ്ങനെയാണ്. "നമ്മുടെ പ്രിയപ്പെട്ട ഹോലീഹ് ഷാഹ്ഷ മണ്ടേല, നമ്മുടെ ജനാധിപത്യത്തിന്റെ ജനയിതാവ്, നമ്മെ വിട്ടുപിരിഞ്ഞു. നമ്മുടെ രാജ്യത്തിന് മഹാനായ പുത്രനെ നഷ്ടപ്പെട്ടു. നമ്മുടെ ജനങ്ങൾക്ക് അച്ഛനില്ലാതായി."

ഇരുപതാം നൂറ്റാണ്ട് ചരിത്രത്തെ മാറ്റി മറിച്ച മഹത്തായ വിപ്ലവങ്ങളുടേയും സാമൂഹ്യമാറ്റങ്ങളുടേയും നൂറ്റാണ്ടായിരുന്നു. ചിലത് രക്തരൂക്ഷിതമായിരുന്നു, ചിലത് രക്തച്ചൊരിച്ചിലിന്റെയും സമാധാനത്തിന്റെയും വഴി ഒരു പോലെ തിരക്കി, ചിലത് സമാധാനത്തിന്റെ വഴി തേടി. ഇതിൽ രണ്ടാമത്തെ മാർഗമായിരുന്നു മണ്ടേലയുടേത്. നൂറ്റാണ്ടിനെ പുനർനിർമ്മിച്ച പോരാട്ടമുഖത്ത് ലെനിന്റെയും മാവോയുടേയും ഗാന്ധിജിയുടേയും ഹോചിമിന്റെയും ചഗുവേരയുടേയുമെല്ലാം നിരയിൽ അവസാനമായി നാം മണ്ടേലയെ കാണുന്നു. ആയുധത്തിന്റെയും സമാധാനത്തിന്റെയും വഴികൾ മണ്ടേലയിൽ സമന്വയിച്ചു. അതുകൊണ്ടാണ് അദ്ദേഹത്തിന് ആദരാഞ്ജലികളർപ്പിക്കുന്നതിനായി ജോഹന്നാസ് ബർഗിലെ സൊവെറ്റൊ സ്റ്റേഡിയത്തിൽ ഭൂഗോളത്തിലെ എല്ലാവഴികളും സന്ധിച്ചത്.

ചരിത്രത്തിന്റെ ഗതിമാറ്റിയ മഹാപ്രതിഭകൾ ഇതിനുമുമ്പും കടന്നുപോയിട്ടുണ്ട്. എന്നാൽ അവർക്കാർക്കും ലഭ്യമാകാതിരുന്ന ആദരവ് ജീവിത കാലത്തുതന്നെ ആസ്വദിക്കുവാൻ കഴിഞ്ഞ ഒരപൂർവ്വ പ്രതിഭാസമായിരുന്നു മണ്ടേല. ജോഹന്നാസ് ബർഗിലേക്ക് മണ്ടേലയെ തേടിയെത്തിയവർ അദ്ദേഹത്തിന്റെ മഹത്വത്തിലേക്ക് ചുരുങ്ങുകയായിരുന്നു. 'തങ്ങൾ അന്വേഷിക്കുന്നതാണ് നെൽസൺ മണ്ടേലയിൽ കാണുന്ന

തെന്ന് ജേക്കബ് സുമ പറഞ്ഞതു പോലെ. മണ്ടേലയിൽ അവരവർ കണ്ടെത്തിയ മഹത്വങ്ങളുടെ പൂക്കളർപ്പിക്കുവാനാണ് ഭൂഖണ്ഡങ്ങൾ താണ്ടി ഓരോ രാഷ്ട്രത്തിന്റെയും പ്രതിനിധികൾ ജോഹന്നാസ് ബർഗിലെത്തിയത്. അവിടെ എത്തിച്ചേരാതിരുന്നവർക്ക് എന്തോ പന്തികേടുണ്ടെന്നാണ് ലോകം വിലയിരുത്തിയത്. മണ്ടേലക്കു ആദരാഞ്ജലിയർപ്പിച്ചുകൊണ്ട് അമേരിക്കൻ പ്രസിഡണ്ട് ബരാക്ഒബാമ പറഞ്ഞത് 'മണ്ടേലയുടെ പ്രവർത്തനങ്ങളുടെ ഗുണഫലം അനുഭവിക്കാനായതു കൊണ്ടാണ് താനും കുടുംബവും ഈ ചടങ്ങിൽ എത്തിയതെന്നാണ്. ആദരണീയനായ ജ്യേഷ്ഠ സഹോദരനെ പറ്റിയാണ് ഇന്ത്യയുടെ രാഷ്ട്രപതി പ്രണാബ് മുഖർജി പറഞ്ഞത്. ഓരോ രാഷ്ട്രത്തിനും മണ്ടേലയുമായുള്ള ബന്ധത്തിന് തങ്ങളുടെ തായ ഭാഷയുണ്ടായിരുന്നു. യു. എൻ. ജനറൽ സെക്രട്ടറി ബാൻകിമൂൺ മണ്ടേലയെപ്പറ്റി പറഞ്ഞത്. 'നീതിയുടെ കുലപതി' യെന്നാണ്. വേദിയിലേക്കു കയറിയെത്തുന്ന ബരാക് ഒബാമ സന്നിഹിതനായിരുന്ന അമേരിക്കയുടെ ആജന്മശത്രുവായ ക്യൂബയുടെ പ്രതിനിധി റൗൾ കാസ്ട്രോക്ക് ഹസ്തദാനം നല്കുമ്പോൾ അവിടെ പ്രകാശിച്ചത് മണ്ടേലയുടെ ജീവിതമായിരുന്നു.

പിന്നീട് മണ്ടേലയുടെ മടക്കയാത്ര. ജന്മം നല്കിയവർക്കിടയിലേക്ക്. അദ്ദേഹത്തിന്റെ ഗോത്രമായ ഷോസയിലേക്ക്, ജന്മദേശമായ കേപ്പ് ഓഫ് ഗുഡ്ഹോപ്പിന്റെ കിഴക്കൻ പ്രദേശത്തുള്ള എംവെസൊയിലെ ഉംറ്റാറ്റയിലേക്ക്. കുന്നുകളുടെ താഴ്‌വാരത്തിൽ പച്ച പുതച്ചു കിടക്കുന്ന കുനു ഗ്രാമത്തിലേക്ക്. അവിടെയാണ് മണ്ടേല ബാല്യകാലം ആഘോഷിച്ചത്. ആടുമേഞ്ഞ് നടന്നത് ഉംറ്റാറ്റയിലായിരുന്നു. മണ്ടേല 1918 ജൂലൈ 18 ന് ജനിച്ചത്. പിന്നീട് മണ്ടേലയുടെ കുടുംബം കുനുവിലേക്ക് താമസം മാറ്റിയതാണ്.

മണ്ടേല കടന്നുപോയ വഴികളെക്കുറിച്ച് കുനുവിലെ ഗ്രാമവാസികൾക്ക് എത്രമാത്രം അറിവുണ്ടെന്ന പ്രശ്നമുണ്ട്. എന്നാൽ അവർ തങ്ങളുടെ പ്രിയപ്പെട്ട മാഡിബയുടെ മടക്കയാത്ര കാത്തിരുന്നു. 'ഞങ്ങളുടെ പൂർവ്വികർ ഞങ്ങൾക്ക് തന്നതാണദ്ദേഹത്തെ. ഇപ്പോൾ അദ്ദേഹം അവരുടെയടുത്തേക്ക് മടങ്ങിയിരിക്കുന്നു.' ഗ്രാമവാസികയായൊരിടയന്റെ പ്രതികരണമാണിത്. ഇതൊരു ഗോത്ര ബോദ്ധ്യമാണ്, വിശ്വാസമാണ്, പൂർവ്വീകരിലേക്കു നീളുന്ന ബന്ധമാണ്. ദിവസങ്ങൾ കഴിഞ്ഞിട്ടും കുനുവിലെ ജനങ്ങൾക്ക് മാഡിബയുടെ ജീവിതം ആഘോഷിക്കാനായില്ല. അവരുടെ വിലാപങ്ങൾക്ക് അറുതിവന്നില്ല. അപ്പോൾ നാടുമുഴുവൻ ആഘോഷത്തിലായിരുന്നു. കണ്ണീരും പൊട്ടിച്ചിരിയും നിറഞ്ഞൊരാഘോഷം സുഖവും ദുഃഖവും അഭിന്നമായൊരു ഗോത്രദർശനം.

**'ഞങ്ങളുടെ പൂർവ്വികർ ഞങ്ങൾക്ക് തന്നതാണദ്ദേഹത്തെ. ഇപ്പോൾ അദ്ദേഹം അവരുടെയടുത്തേക്ക് മടങ്ങിയിരിക്കുന്നു.' ഗ്രാമവാസികയായൊരിടയന്റെ പ്രതികരണമാണിത്. ഇതൊരു ഗോത്ര ബോദ്ധ്യമാണ്, വിശ്വാസമാണ്, പൂർവ്വീകരിലേക്കു നീളുന്ന ബന്ധമാണ്.**

നെൽസൺ മണ്ടേലയെ ആദരപൂർവ്വം ദക്ഷിണാഫ്രിക്കക്കാർ വിളിക്കുന്ന പേരാണ് മാഡിബ. സ്വഗോത്രത്തിൽ നിന്ന് മണ്ടേലക്ക് ലഭിച്ച ബഹുമതിയായിരുന്നു ഇത്. പിതാവായ ഗ്ലാഡ് ഹെന്റി മഹ്കാൻയിസ്വായി ഷോസ ഗോത്രത്തിലെ തെംബു രാജാവിന്റെ പന്ത്രണ്ട് ഗോത്ര പ്രഭുക്കളിലൊരാളുടെ ഉപദേഷ്ടാവായിരുന്നു. അദ്ദേഹത്തിന്റെ നാലു ഭാര്യമാരിൽ മൂന്നാമത്തെ ആളായ നോസെനേനി ഫാനിയുടെ നാലു മക്കളിൽ ഇളയവനായിരുന്നു മണ്ടേല. ഹൊലീഹ് ഷാഹ്ഷ എന്നായിരുന്നു മണ്ടേലയുടെ യഥാർത്ഥ പേര്. ഹൊലീഹ് ഷാഹ്ഷ എന്നാൽ കുഴപ്പമുണ്ടാക്കുന്നവൻ എന്നാണർത്ഥം.

കുനുവിലെ പ്രാഥമിക വിദ്യാലത്തിൽ മണ്ടേലയെ ചേർത്തത് 7-ാം വയസ്സിലായിരുന്നു. തന്റേതായൊരു ലോകത്ത് കുലീനമായ പാരമ്പര്യം നില നിൽക്കുമ്പോഴും മണ്ടേലയുടെ കുടുംബത്തിൽ നിന്ന് ആദ്യമായി അക്ഷരാഭ്യാസം നേടുന്നത് മണ്ടേലയായിരുന്നു. സ്കൂളിലെ അദ്ധ്യാപിക നൽകിയ പേരാണ് നെൽസൺ. നാലു നൂറ്റാണ്ടു പിന്നിടുമ്പോഴും വെള്ളക്കാർക്ക് പൂർത്തീകരിക്കാനാവാത്തൊരു സാംസ്കാരികാധിനിവേശത്തിന്റെ സൂചകമായിരുന്നു ഈ പേരുമാറ്റം. അതേക്കുറിച്ച് മണ്ടേല പറഞ്ഞത് ഇങ്ങനെയാണ്. 'എന്റെ കുടുംബത്തിൽ ആരും ഇതിനുമുമ്പ് ഒരിക്കലും സ്കൂളിൽ പോയിരുന്നില്ല. ആദ്യത്തെ സ്കൂൾ ദിനത്തിൽ തന്നെ ക്ലാസ് ടീച്ചർ മിസിസ് മാഡ്നിഗെയിൻ ഞങ്ങൾക്ക് ഓരോരുത്തർക്കും ഓരോ ഇംഗ്ലീഷ് പേര് നൽകി. ഇത് ഇക്കാലത്തൊരു കീഴ് വഴക്കമായി മാറിക്കഴിഞ്ഞിരുന്നു. ഇത് ഞങ്ങളുടെ വിദ്യാഭ്യാസത്തെപ്പോലും അപഹരിച്ചുവെന്ന് നിസംശയം പറയാം. മിസിസ്



മാഡ്നിഗെയിൻ എന്നെ 'നെൽസൺ' എന്നു വിളിച്ചു. ഈ പേരിൽ എന്തെങ്കിലും പ്രത്യേകതയുണ്ടെന്ന് എനിക്ക് തോന്നിയില്ല.' ഇതായിരുന്നു മണ്ടേലയെന്ന ഹൊലീഹ് ഷാഹ്ഷ. വെള്ളക്കാർ തനിക്ക് സമ്മാനിച്ച പേരിനെപോലും സംശയിക്കുകയും അപഹരണ മായി തിരിച്ചറിയുകയും ചെയ്ത ധീഷണാശാലിയായൊരു വ്യക്തിത്വം.

അക്ഷരാർത്ഥത്തിൽ അധീശ ലോകത്തേക്ക് പ്രവേശിച്ച മണ്ടേ ലക്ക് ഉന്നത വിദ്യാഭ്യാസം കുഴപ്പം പിടിച്ചൊരു കാലമായിരു ന്നു. ബി.എക്ക് പഠിക്കുമ്പോൾ, 1942 ൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സുമായി അകന്ന ബന്ധം സ്ഥാപിച്ച മണ്ടേല അടു ത്തവർഷം എൽ.എൽ.ബി ക്ക് ചേർന്നുവെങ്കിലും പഠനം തുടരാ നായില്ല. വൈകിയാണ് നിയമ ബിരുദം നേടാനായത്. '42 ൽ എ.എൻ.സി നിരോധിച്ചുവെ ങ്കിലും മണ്ടേല പാർട്ടിയുമാ യുള്ള ബന്ധം വിട്ടില്ല. '44 ൽ പ്രത്യക്ഷ രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ച മണ്ടേല ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ യുവജന വിഭാഗമായ എ. എൻ.സി യൂത്ത് ലീഗ് രൂപീകരി ച്ചപ്പോൾ അതിന്റെ സ്ഥാപക എക്സിക്യൂട്ടീവ് അംഗങ്ങളിൽ ഒരാളായി. എ.എൻ.സിയുടെ മൃദു സമീപനങ്ങളെ ചോദ്യം ചെയ്ത പരിവർത്തന വാദിക ളോടൊപ്പമായിരുന്നു മണ്ടേല. ആഫ്രിക്കൻ നാഷണൽ പാർട്ടി വെള്ളക്കാർക്കു മാത്രം പ്രാതിനി ധ്യമുള്ള സർക്കാർ ഉണ്ടാക്കു കയും വർണ വിവേചനനയം ദേശവ്യാപകമായി നടപ്പിലാക്കു വാൻ ശ്രമിക്കുകയും ചെയ്ത പ്പോൾ കറുത്തവരോടൊപ്പം

**അമേരിക്കയിലെ റെഡ് ഇൻഡ്യൻസിനെപ്പോലെ കീഴടക്കപ്പെട്ടൊരു ജനതയായിരുന്നില്ല ആഫ്രിക്ക യിലെ കറുത്തവർ. ഷോസ, സുലു ഗോത്രങ്ങൾ അധീശശക്തികൾക്കെതിരെ നടത്തിയ അനേകം പോരാട്ടങ്ങളുടെ ഓർമ്മകൾ ആഫ്രിക്കയുടെ മണ്ണി ലുണ്ട്. 'ഒഴുക്കിനൊപ്പം നീന്തുന്നത് ചത്തമീനുകളാ ണെന്ന'ത് ഒരാഫ്രിക്കൻ പഴമൊഴിയാണ്.**

ഏഷ്യാക്കാരെയും കമ്മ്യൂണിസ്റ്റു കളെയും ഐക്യപ്പെടുത്തി എ. എൻ.സി നിയമലംഘന സമരമാ രംഭിച്ചു. 1951 ൽ മണ്ടേല എ. എൻ.സി ലീഗിന്റെ വൈസ് പ്രസിഡണ്ടായി. കറുത്തവർക്കെ തിരായ വിവേചനങ്ങളും അതി ക്രമങ്ങളും നിയമപരമായോ സമാധാനപരമായോ നേരിടു ന്നത് പ്രയോജനരഹിതമാ ണെന്ന് ബോധ്യപ്പെട്ടപ്പോൾ സമ രത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തുവാൻ മണ്ടേല ആലോചി ച്ചു. ജോഹന്നാസ് ബർഗിന് സമീ പപ്രദേശത്തുള്ള കറുത്തവരെ തുരത്തിയോടിക്കുന്നതിന് '55 ൽ ഭരണാധികാരികൾ മുന്നോട്ടു വന്നപ്പോൾ സായുധ ചെറുത്തു നില്പല്ലാതെ മറ്റൊരു വഴിയുമി ല്ലെന്ന നിലപാടിലേക്ക് മണ്ടേല മാറി. ഇതേക്കുറിച്ചദ്ദേഹം പറ ഞ്ഞത് 'അടിച്ചമർത്തപ്പെ ടുന്നവരുടെ സമരത്തിന്റെ സ്വഭാവം തീരുമാനിക്കുന്നത് അടിച്ചമർത്തുന്നവരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെ ട്ടാണെ'ന്നാണ്.

സംഘർഷഭരിതമായ രാഷ്ട്രീയ ജീവിതമായിരുന്നു പിന്നീട് മണ്ടേലയുടേത്. ചെറുത്തു നിൽപുകളേയും ഒളിവ് ജീവിതത്തിന്റെയും, അറ സ്റ്റുകളുടേയും ജയിൽ വാസങ്ങ ളുടേയും കാലം. 1956 ൽ രാജ്യ ദ്രോഹകുറ്റത്തിന് അറസ്റ്റു ചെയ്യ പ്പെട്ടു. '61 ലാണ് വിട്ടയച്ചത്. മാർക്സിസ്റ്റ് ഭീകര വാദിയെന്നാണ് എതിരാളികൾ അദ്ദേഹത്തെ വിശേഷിപ്പിച്ചത്. ജനങ്ങളുടെ ചെറുത്തുനില്പും പോരാട്ട വീര്യവും വർദ്ധിച്ചതനു സരിച്ച് ഭരണകൂടത്തിന്റെ മർദ്ദന സ്വഭാവവും ശക്തിപ്പെട്ടു. 1960 ൽ നടന്ന ഷാപ്പ് വിൽ കൂട്ടക്കൊ ലയെ തുടർന്ന് രാജ്യത്ത് അടിയ ന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടു. ഒളിവിൽ പോയ മണ്ടേല ഭരണ കൂടത്തിനെതിരെ പോരാടുന്നതി നായി 'ദേശത്തിന്റെ കുന്തമുന' – എന്ന സായുധ സേനക്ക് ജന്മം നൽകി. സൈനിക പരിശീലന ത്തിനും മറ്റ് രാജ്യങ്ങളുടെ പിന്തു ണക്കുമായി രാജ്യം വിട്ടു. '62 ൽ വീണ്ടും തടവിലാക്കപ്പെട്ടു. ജയിലും കുറ്റവിചാരണകളും ജീവിതത്തിന്റെ ഭാഗമായി. എന്നാൽ തൂക്കുമരത്തിലേക്കുള്ള യാത്ര ഒഴിവാക്കുന്നതിനായി പോലും മണ്ടേല തന്റെ ജനത യുടെ മുന്നിൽ ഉയർത്തിക്കാട്ടാൻ ശ്രമിച്ച ആത്മാഭിമാനത്തിന് ഭംഗം വരുത്തിയില്ലെന്നതായി രുന്നു മണ്ടേലയുടെ മഹത്വം. അതേക്കുറിച്ച് മണ്ടേല പറഞ്ഞത് ഇങ്ങനെയാണ്. 'ആഫ്രിക്കൻ ജനതയുടെ പോരാട്ടത്തിനായി ഞാൻ എന്നെത്തന്നെ സമർപ്പിച്ചി രിക്കുന്നു. വെള്ളക്കാരുടെ ആധി പത്യത്തിനെതിരെയും കറുത്തവ രുടെ ആധിപത്യത്തിനെതി രെയും ഞാൻ പോരാടിയിട്ടുണ്ട്. എല്ലാ മനുഷ്യരും സ്വതന്ത്ര്യ ത്തോടും തുല്യമായ അവസരങ്ങ ളോടും ജീവിക്കുന്ന ഒരു സ്വാത ന്ത്രജനാധിപത്യ സമൂഹമെന്ന ആശയത്തെയാണ് ഞാൻ ഊട്ടി വളർത്തിയത്. ഈ ആശയത്തി നുവേണ്ടിയും അത് നടപ്പിലാക്കു ന്നതിനുവേണ്ടിയുമാണ് ഞാൻ ജീവിക്കുന്നത്. ആവശ്യമായി വരികയാണെങ്കിൽ ഇതിനായി മരിക്കാനും ഞാൻ തയ്യാറാണ്.'

നീണ്ട 27 വർഷമാണ് മണ്ടേല ജയിൽവാസമനുഷ്ടിച്ചത്. തൊലിയുടെ നിറം കറുത്തുപോ യതുകൊണ്ടുമാത്രം ഒരു ജനത അനുഭവിക്കേണ്ടിവന്ന ദുരന്തങ്ങ ളുടെ ആഴങ്ങളാണ് ഇത് വ്യക്ത മാക്കുന്നത്. അതിൽ 18 വർഷവും റൂബെൻ ദ്വീപിലെ ഏകാന്ത തടവിലായിരുന്നു. കേപ് ടൗണിൽ നിന്ന് ആറ് കിലോമീറ്റർ ദൂരെ ടേബിൾ ഉൾക്കടലിലെ 518 ഹെക്ടർ വിസ്തീർണ്ണമുള്ളൊരു തുരുത്താ യിരുന്നു റൂബെൻ ദ്വീപ്. ഏഴ് അടി നീളവും ഒൻപതടി വീതി യുമുള്ളൊരു തടവറയിലായി രുന്നു മണ്ടേലയെ പാർപ്പിച്ചിരു ന്നത്. അതിനുള്ളിൽ രണ്ട് പാത്ര ങ്ങളും കിടക്കാനൊരു ജവക്കാ ളയും ചെറിയൊരു ഇരിപ്പിടവും. പശ്ചാത്യ ശക്തികളുടെ അധിനി വേശത്തിന്റെയും ഒരു വംശം മറ്റൊരു വംശത്തിനെതിരെ നടത്തുന്ന ഹിംസാത്മകതയു ടേയും അടയാളമായിരുന്നു റൂബെൻ ദ്വീപ്. നാലു നൂറ്റാ ണ്ടായി കൊളോണിയൽ ഭരണ ത്തെയും വംശാധിപത്യത്തെയും എതിർക്കുന്നവരെ തടവിൽ പാർപ്പിക്കുന്നത് ഇവിടെയായിരു ന്നു. തല നിവർക്കാൻ ശ്രമി ക്കുന്ന അടിമകളെയും, രാഷ്ട്രീയ മതനേതാക്കളെയും കിഴക്കൻ ഏഷ്യയിലെ ഡച്ചു കൊളോണിയലിസത്തെ എതിർക്കുന്നവരെയും, ബ്രിട്ടീഷ് അധിനിവേശത്തെ എതിർക്കുന്ന ഗോത്രസമൂഹങ്ങളുടെ നേതാക്ക ളെയും, ദക്ഷിണാഫ്രിക്കയി ലെയും നമീബിയയിലെയും വർണവിവേചനത്തെ ചോദ്യം ചെയ്യുന്നവരേയും, യുദ്ധത്തടവു കാരേയും, കുഷ്ഠരോഗികളെ യും, മാനസികരോഗികളെയും ചങ്ങലക്കിട്ടത് ഇവിടെയാണ്. അവർക്കിടയിലായിരുന്നു മണ്ടേ ലയും.


എന്നാൽ മണ്ടേലയുടെ സ്വാതന്ത്ര്യാഭിവാഞ്ഛയെയോ പോരാട്ട വീര്യത്തെയോ

തളർത്താൻ വെള്ളക്കാരുടെ തടവറകൾക്കായില്ല. അമേരിക്കയിലെ റെഡ് ഇൻഡ്യൻസിനെപ്പോലെ കീഴടക്കപ്പെട്ടൊരു ജനതയായിരുന്നില്ല ആഫ്രിക്കയിലെ കറുത്തവർ. ഷോസ, സുലു ഗോത്രങ്ങൾ അധീശശക്തികൾക്കെതിരെ നടത്തിയ അനേകം പോരാട്ടങ്ങളുടെ ഓർമ്മകൾ ആഫ്രിക്കയുടെ മണ്ണിലുണ്ട്. 'ഒഴുക്കിനൊപ്പം നീന്തുന്നത് ചത്തമീനുകളാണെന്ന'ത് ഒരാഫ്രിക്കൻ പഴമൊഴിയാണ്. ഈ മനുഷ്യാവസ്ഥയെ ഭേദിച്ചുകൊണ്ടാണ് ഫ്രാൻസിസ് ഫാനനെപോലുള്ള ധീഷണാശാലികളായ കറുത്ത വിപ്ലവകാരികൾ ആഫ്രിക്കയിൽ ഉയർന്നുവന്നത്. മാർട്ടിൻ ലൂതർകിംഗിന് അമേരിക്കയിലെ കറുത്തവരെ ഉണർത്താൻ തന്റെ ജീവൻ നൽകേണ്ടി വന്നു. മണ്ടേലയുടെ ജയിൽവാസം ആഫ്രിക്കൻ സ്വാതന്ത്ര്യസമരത്തെ തളർത്തുകയല്ല, ശക്തിപ്പെടുത്തുകയും സാർവ്വദേശീയ മായൊരു മാനം ഉണ്ടാക്കുകയുമാണ് ചെയ്തത്. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വം കൊഴിഞ്ഞു വീണ രണ്ടാംലോകയുദ്ധത്തിനു പിന്നാലെ ഉദിച്ചുയർന്ന അമേരിക്കൻ സാമ്രാജ്യം വിയറ്റ്നാമിന്റെ മണ്ണിൽ തകർന്നടിയുന്ന അനുഭവങ്ങളുമായിട്ടാണ് ആഫ്രിക്കൻ ജനത പോരാട്ടം തുടർന്നത്. സോഷ്യലിസ്റ്റ് വിപ്ലവങ്ങളുടെ തിരയനക്കങ്ങൾ അപ്പോഴും അവസാനിച്ചിരുന്നില്ല. അതാണ് മണ്ടേലയെ ലാറ്റിനമേരിക്കയിലേയും ചെഗുവേരയെപ്പോലുള്ള വിപ്ലവകാരികളുടെ ആഭിമുഖ്യത്തിലേക്കുമെത്തിച്ചത്. ചിലർ തെറ്റായികരുതുന്നതുപോലെ ഗാന്ധിയുടെയൊ മാർട്ടിൻ ലൂതർകിംഗിന്റെയോ മാർഗമായിരുന്നില്ല മണ്ടേലയുടേത്. എന്നാലദ്ദേഹം ആയുധങ്ങളെമാത്രം ആശ്രയിച്ചിരുന്നുമില്ല. 1985 ൽ അക്രമമാർഗ്ഗം ഉപേക്ഷിക്കുകയാണെങ്കിൽ വിട്ടയക്കാമെന്ന് ദക്ഷിണാഫ്രിക്കൻ പ്രസിഡണ്ട് പി. ഡബ്ല്യു ബോത വാഗ്ദാനം നൽകിയിരുന്നുവെങ്കിലും മണ്ടേല അത് തള്ളിക്കളയുകയാണ് ചെയ്തത്. നിരുപാധികമായ ജയിൽ മോചനമായിരുന്നു മണ്ടേലയുടെ ആവശ്യം.

വർണവെറിമൂലം ലോകരാഷ്ട്രങ്ങൾക്കിടയിൽ ഒറ്റപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്ത ദക്ഷിണാഫ്രിക്കൻ ഭരണകൂടം ഒടുവിൽ 1990 ൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ നിരോധനം പിൻവലിക്കുകയും മണ്ടേലയെ നിരുപാധികം വിട്ടയക്കുകയും



*വാൾട്ടർ സിസുലു*



ചെയ്തു. ജയിൽ മോചിതനായ മണ്ടേല എ.എൻ.സി യുടെ വൈസ് പ്രസിഡണ്ടായി. വെള്ളക്കാരുടെ ന്യൂനപക്ഷ ഭരണത്തിനെതിരെ രാജ്യം ആഭ്യന്തര യുദ്ധത്തിലേക്ക് നീങ്ങിത്തുടങ്ങി. ഈ പശ്ചാത്തലത്തിലാണ് മണ്ടേല ഭരണകൂടവുമായി അനുരഞ്ജനത്തിന് തയ്യാറായത്. സാർവ്വത്രിക വോട്ടവകാശത്തിലേക്കും ഭൂരിപക്ഷ ഭരണത്തിലേക്കുമുള്ള ആഫ്രിക്കയുടെ പ്രവേശനത്തിന് ഇത് ഇടയാക്കി. 1994 ൽ ജനാധിപത്യക്രമത്തിലുള്ള തിരഞ്ഞെടുപ്പു നടന്നു. എ.എൻ.സി ഭൂരിപക്ഷം നേടുകയും മണ്ടേല ദക്ഷിണാഫ്രിക്കയുടെ ആദ്യത്തെ കറുത്ത പ്രസിഡണ്ടായി അധികാരമേൽക്കുകയും ചെയ്തു.

എന്നാൽ മണ്ടേലയുടേത് ഒരു ഭൂരിപക്ഷ വംശീയ ഗവൺമെന്റായിരുന്നില്ല. വംശ സംങ്കരത്തിലൂടെ തങ്ങളുടെ സംസ്കാരം ഇല്ലാതാകുമെന്ന് ആശങ്കപ്പെട്ട വെള്ളക്കാർക്കിടയിൽ നിന്ന് വർണവെറിയൻ ഭരണകൂടത്തിന്റെ അവസാനത്തെ പ്രസിഡണ്ടായിരുന്നു എഫ്.ഡബ്ല്യു. ഡിക്ലർക്കിനെയും, കറുത്തവർക്കിടയിലെ വംശീയ സംഘർഷങ്ങളുടെ മുഖത്തു നിന്ന് സുലഗോത്രാടിത്തറയുള്ള ഇങ്കാത്തപാർട്ടി നേതാവായ ബൂത്തിലേസിയെയും വൈസ് പ്രസിഡണ്ടുമാരാക്കിയാണ് മണ്ടേലയുടെ നേതൃത്വത്തിൽ ദേശീയ ഐക്യഗവൺമെന്റ് രൂപീകരിച്ചത്. വെള്ളക്കാരുടെ ന്യൂനപക്ഷ വംശീയ ഭരണത്തിനെതിരായ ഭൂരിപക്ഷ വംശീയതയുടെ പ്രതിയാധിപത്യ (Counter hegemony) ഭരണമായിരുന്നില്ല മണ്ടേലക്ക് ജനാധിപത്യം. ന്യൂനപക്ഷഭരണം അവസാനിപ്പിക്കുകയും തങ്ങളുടെ വംശാദിപത്യം നിലനിർത്തുന്നതിനായി വെള്ളക്കാർ സമർത്ഥമായി ഉപയോഗിച്ച ഗോത്രസ്പർദ്ധ ഇല്ലാതാക്കുമെന്നത് മണ്ടേലയുടെ ജനാധിപത്യ ലക്ഷ്യമായിരുന്നു. മർദ്ദിതനെ മാത്രമല്ല, മർദ്ദകനെയും അവന്റെ ഹിംസാത്മകമായ വംശീയ ബോധത്തിൽ നിന്ന് മോചിപ്പിക്കുവാനാണ് മണ്ടേല ശ്രമിച്ചത്. ‘സ്വതന്ത്രനായിരിക്കുകയെന്നാൽ ചങ്ങലകൾ വലിച്ചെറിയുക മാത്രമല്ല, മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ വിലമതിക്കുകയും പരിപോഷിപ്പിക്കുയും ചെയ്യുന്ന തരത്തിൽ ജീവിക്കുക എന്നതു കൂടിയാണ്’ എന്നതായിരുന്നു അതിനുള്ള വ്യാഖ്യാനം. ദേശീയ ബോധത്തിനോ വർഗ ബോധത്തിനോ പരിഹരിക്കാവുന്ന പ്രശ്നമായിട്ടല്ല മണ്ടേല ഇതിനെ കണ്ടത്. അതുകൊണ്ടാണ് എ.എൻ.സി ക്കുള്ളിൽ ‘ആഫ്രിക്ക ആഫ്രിക്കക്കാർക്ക്’ എന്ന കറുത്ത ചിന്ത ഉയർന്നുവന്നപ്പോൾ മണ്ടേല ദക്ഷിണാഫ്രിക്ക എല്ലാ വംശക്കാർക്കും അവകാശപ്പെട്ടതാണെന്ന നിലപാടിനോടൊപ്പം നിന്നത്. കറുത്തവരുടെ വംശീയ വീക്ഷണവും കമ്യൂണിസ്റ്റുകളുടെ വർഗ വീക്ഷണവും തമ്മിലുള്ള പ്രത്യയശാസ്ത്രഭിന്നത ഉയർന്നുവന്നപ്പോഴും വർഗ സമരത്തിലല്ല, വെള്ളക്കാരുടെ വംശാധിപത്യത്തിനെതിരായ കറുത്തവരുടെ പോരാട്ടത്തിലാണ് ഊന്നിയത്. വംശാധിപത്യം നിലനിൽക്കുന്നൊരു സമൂഹത്തിൽ ജനാധിപത്യത്തെക്കുറിച്ചുള്ള വ്യത്യസ്തമായൊരു സമീപനം ആവിഷ്കരിക്കുവാനായിരുന്നു മണ്ടേല ശ്രമിച്ചത്. ‘ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന’ ഭരണകൂടത്തെപ്പറ്റിയുള്ള സങ്കല്പം രണ്ട് നൂറ്റാണ്ടായി നിലനിന്നിട്ടും കറുത്തവർഗ്ഗം അധികാരത്തിൽ പങ്കാളിത്തമുണ്ടെന്ന ബോദ്ധ്യത്തിലേക്ക് ഉയരാൻ അമേരിക്കക്കായില്ല. ബഹുവംശീയ സമൂഹങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഈ വൈരുദ്ധ്യത്തെയാണ് മണ്ടേല പരിഹരിക്കുവാൻ ശ്രമിച്ചത്.

അനുരഞ്ജനത്തിന്റെ വക്താവാണ് മണ്ടേല എന്ന് അദ്ദേഹത്തിന്റെ കടുത്ത എതിരാളികൾ പോലും വിലയിരുത്തുമ്പോൾ അതിനാധാരമാകുന്നത് ഭരണമാറ്റത്തിലൂടെ അധികാരത്തിലെത്തിയ മണ്ടേല എല്ലാം മറക്കുവാനും പൊറുക്കുവാനും കാണിച്ച ഉദാരമായ മാനവിക ഭാവങ്ങളാണ്. ഇത് വംശാധിപ

തൃത്തിന്റെയോ മതാധിപത്യത്തിന്റെയോ വർഗാധിപത്യത്തിന്റെയോ മുഖങ്ങളിൽ മനുഷ്യന് കാണാൻ കഴിയാത്ത ഗുണങ്ങളാണ്. എന്തുകൊണ്ടിങ്ങനെ സംഭവിച്ചുവെന്നു ചോദിച്ചാൽ ചരിത്രത്തിലുടനീളം പല രൂപങ്ങളിൽ മനുഷ്യസംസ്കൃതിയിലേക്ക് പടർന്നു കയറിയ ഗോത്രപ്പകയിൽ നിന്ന് മണ്ടേല സ്വയം മോചിതനായിരുന്നുവെന്നാണ് ഇതിനുത്തരം. ഉറ്റവരായ സഖാക്കളുടെ കൊലയാളികളെപോലും മണ്ടേലക്ക് വെറുതെ വിടാനായി. തനിക്ക് വധശിക്ഷ നല്കണമെന്നു വാദിച്ച പ്രോസിക്യൂട്ടർ പെഴ്സിയുട്ടാറിനെ വിരുന്നുവിളിച്ചും, റൂബെൻ ദ്വീപിലെ ആയുധ ധാരിയായ കാവൽക്കാരൻ ക്രിസ്റ്റൊബ്രാണ്ടിനെ പാർലമെന്റംഗങ്ങളോടൊപ്പം തന്റെയരികെ നിർത്തി ക്യാമറയിൽ പകർത്തിയുമെല്ലാം തന്റെ വ്യത്യസ്തമായ വ്യക്തിത്വം അദ്ദേഹം ലോകത്തിന് കാണിച്ചുകൊടുത്തു.

ലോകത്തെ പ്രകമ്പനം കൊള്ളിച്ച സോഷ്യലിസ്റ്റ് വിപ്ലവങ്ങളുടെ മുഖത്തുപോലും വ്യക്തിയുടെയും സ്വേച്ഛാധിപത്യപ്രവണതകളും ആധിപത്യത്തിലെത്തുകയും ജനാധിപത്യ പ്രക്രിയ തടസ്സപ്പെടുകയും ചെയ്തപ്പോൾ നിയമ വ്യവസ്ഥയിലൂടെയും ബഹുകക്ഷി സമ്പ്രദായത്തിലൂടെയും നയിക്കപ്പെടുന്നൊരു ജനാധിപത്യ സമ്പ്രദായത്തെക്കുറിച്ചാണ് മണ്ടേല ചിന്തിച്ചത്. ഭരണഘടനക്കായിരുന്നു പ്രാമുഖ്യം. ഭരണഘടനയുണ്ടാക്കിയ വ്യക്തികളേക്കാൾ പ്രാധാന്യം ഭരണഘടനക്ക് നല്കിയതുകൊണ്ടു അധികാരം മണ്ടേലയെ മത്തു പിടിപ്പിച്ചില്ല. തന്റെ സമകാലീനരായിരുന്ന നിരവധി ഭരണാധികാരികളിൽ നിന്ന് ഇത് മണ്ടേലയെ വ്യത്യസ്തനാക്കി. അഞ്ചുവർഷത്തെ ഭരണത്തിനുശേഷം അദ്ദേഹം അധികാരമൊഴിഞ്ഞു. ഇന്ത്യയെപ്പോലൊരു ജനാധിപത്യ രാജ്യത്തുപോലും ഇന്നും കുടുംബവാഴ്ച ഒരു പ്രശ്നമായി ഉയർന്നു നിൽക്കുമ്പോൾ ഗോത്രാധിപത്യത്തിലേക്കു നീളുന്ന ഇത്തരം പരാവർത്തനങ്ങിൽ നിന്ന് മണ്ടേല സ്വയം മാറിനിന്നു.

ഇതിനിടയിൽ മണ്ടേലയെ ത്തേടി ഭൂഖണ്ഡങ്ങൾ താണ്ടി ആദരവുകളെത്തി. 1990 ൽ ജയിൽ മോചിതനായി ഇന്ത്യയിലെത്തിയ മണ്ടേലയെ രാജ്യത്തെ ഏറ്റവും വലിയ ബഹുമതികളിലൊന്നായ ഭാരതരത്നം നൽകിയാണ് സ്വീകരിച്ചത്. പിന്നീട് ഇന്ത്യ മണ്ടേലയിൽ ഗാന്ധിയെ കണ്ടെത്തി ഗാന്ധിപുരസ്കാരം നല്കി ആദരിച്ചു. 93 ൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനം മണ്ടേലക്കായിരുന്നു. അമേരിക്ക പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡവും റഷ്യ ഓർഡർ ഓഫ് ലെനിനും നല്കി അദ്ദേഹത്തെ ആദരിച്ചു. രാഷ്ട്രങ്ങൾക്കും ജനങ്ങൾക്കുമിടയിൽ തന്നെ ആദരിക്കുവാനുള്ള മത്സരം കണ്ട ഒരു ജീവിതമായിരുന്നു മണ്ടേലയുടേത്. ഫിദൽ കാസ്ട്രോയിൽ നിന്ന് ജോർജ്ജ് ബുഷിലേക്കും കേണൽ ഗദ്ദാഫിയിലേക്കും അയത്തുള്ള ഖൊമേനിയിലേക്കും ജോൺപോൾ രണ്ടാമനിലേക്കുമെല്ലാം നീളുന്ന, ഭിന്നതകൾക്കിടയിലൂടെ സംക്രമിക്കുന്നൊരു പാരസ്പര്യമായിരുന്നു മണ്ടേലക്ക് മനുഷ്യബന്ധം.സഹജീവിതം അസാദ്ധ്യമാക്കിയ ഗോത്രാതിർത്തികൾ ലംഘിച്ചുമുന്നോട്ടുപോയ മണ്ടേലക്ക് മനുഷ്യബന്ധങ്ങൾക്കിടയിലെ വിരുദ്ധഭാവങ്ങളെയും ആവിഷ്കാരങ്ങളെയും അനായാസേന മറികടക്കാനായി. വെറും രാഷ്ട്രീയ നയതന്ത്രജ്ഞതയുടെ തലത്തിൽ ഇതിനെ നോക്കിക്കാണാനാവില്ല.

സങ്കീർണ്ണമായ തന്റെ സാമൂഹ്യരാഷ്ട്രീയ ജീവിതത്തിലും പ്രണയാദ്രമായൊരു മനസ്സുമായിട്ടാണ് മണ്ടേല ജീവിച്ചത്. 80–ാം വയസ്സിലാണ് അദ്ദേഹം അന്തരിച്ച മൊസാംബിക് പ്രസിഡണ്ട് സമോറ മാഷേലിന്റെ വിധവ ഗ്രാസമഷേലിനെ വിവാഹം ചെയ്തത്. ഇത് മൂന്നാമത്തെ വിവാഹമായിരുന്നു. എ.എൻ.സി നേതാവായ സിസുലുവിന്റെ അടുത്തബന്ധുവായ ഈവ്ലിൻ മാസെ ആയിരുന്നു മണ്ടേലയുടെ ആദ്യഭാര്യ. 1944 ൽ വിവാഹിതരായ ഇവർക്ക് നാല് കുട്ടികളുണ്ടായി. മണ്ടേലയുടെ രാഷ്ട്രീയ ജീവിതവുമായി പൊരുത്തപ്പെട്ടു പോകുവാൻ ഈവ്ലിൻ മാസെക്ക് കഴിഞ്ഞില്ല. രാഷ്ട്രീയമോ കുടുംബജീവതമോയെന്ന പ്രശ്നം അവർ ആവർത്തിച്ച് ഉന്നയിച്ചുകൊണ്ടിരുന്നപ്പോൾ മണ്ടേല ആദ്യത്തേതാണ് തിരഞ്ഞെടുത്തത്. പിന്നീട് 1958 ൽ ആണ് സഹപ്രവർത്തകയായ വിന്നിയെ വിവാഹം ചെയ്തത്. 96 ൽ ഈ ബന്ധവും വേർപിരിഞ്ഞു. അപ്പോഴാണ് ഗ്രാസ മാഷേ പ്രണയപൂർവ്വം മണ്ടേലയുടെ ജീവിതത്തിലേക്ക് കടന്നുവന്നത്. മക്കളും പേരമക്കളും അവരുടെ മക്കളും ഗ്രാസമാഷേലും വിന്നിമണ്ടേലയുമെല്ലാം അന്ത്യനിദ്രയിൽ മണ്ടേലക്ക് ചുറ്റുമുണ്ടായിരുന്നു. അറ്റുപോകാത്ത ഗോത്രവേരുകളിലെ സംഘർഷങ്ങളും ഒരുമയും.

അതിരുകളില്ലാത്ത സ്വാതന്ത്ര്യ വാഞ്ഛയുമായിട്ടാണ് മണ്ടേലയുടെ കടന്നുവരവ്. അദ്ദേഹം ദക്ഷിണാഫ്രിക്കയുടെ പ്രസിഡണ്ടാകുമ്പോൾ ഭരണകൂടത്തിന്റെ ആദിമരൂപത്തിൽ നിന്ന് ആധുനിക രൂപത്തിലേക്കുള്ള ഒരെടുത്തുചാട്ടമുണ്ടായിരുന്നു. തെംബുരാജാധികാരത്തിന്റെയും ആഫ്രിക്കൻ ജനാധികാരത്തിന്റെയും സംയോഗമായിരുന്നു മണ്ടേല. മതങ്ങളുടേയും പ്രത്യശാസ്ത്രങ്ങളുടേയുമൊന്നും ജഢീകരിച്ച മാറാപ്പിൻ കെട്ടുകൾ മണ്ടേലയുടെ മുതുകിൽ ഉണ്ടായിരുന്നില്ല. ഒരിക്കൽ ബി.ബി.സി. യുമായി നടത്തിയൊരഭിമുഖത്തിൽ 'നിങ്ങൾ ദൈവവിശ്വാസിയാണോ' യെന്ന ചോദ്യത്തിന് മണ്ടേല നല്കിയ മറുപടി 'വ്യക്തിപരമായ കാര്യ

മാണ് വിശ്വാസം എന്നാണ് വിശ്വാസത്തെ രാഷ്ട്രീയത്തിൽ നിന്ന് മണ്ടേല അകറ്റി നിർത്തിയിരുന്നുവെന്നർത്ഥം. മർദ്ദിതരുടെ ആത്മാഭിമാനബോധത്തെയും ധാർമ്മികബോധത്തെയുമാണ് മണ്ടേല ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചത്. ഈ ധാർമ്മിക ബോധം മതാത്മകമായിരുന്നില്ല. എല്ലാ മതങ്ങൾക്കും മുമ്പേ മനുഷ്യരിൽ രൂപം കൊണ്ടിരുന്നതാണ്. ഇതായിരുന്നു മണ്ടേലയുടെ എല്ലാ നന്മകളുടേയും ഉറവിടം. വിദ്വേഷത്തേക്കാൾ സ്നേഹമാണ് മനുഷ്യ ഹൃദയത്തിന്റെ ഭാഷയെന്ന് മണ്ടേല വായിച്ചെടുത്തത് തന്റെ ഗോത്രപരിസരത്തു നിന്നാണ്. ഈ ഭാഷ സ്വായത്തമാക്കാനായില്ലായിരുന്നുവെങ്കിൽ ശത്രുവിനോടെന്നപോലെ തമ്മിൽ തമ്മിലും പോരാടിക്കൊണ്ടിരുന്ന ഒരു സമൂഹത്തെ ഏകീകരിക്കുവാൻ മണ്ടേലക്കാവില്ലായിരുന്നു; അടിച്ചമർത്തലുകളും കൂട്ടക്കൊലകളും പലായനങ്ങളും ഇല്ലാത്ത ഒരാഫ്രിക്ക സൃഷ്ടിക്കുവാനാവില്ലായിരുന്നു, തന്നെയും തന്റെ പൂർവ്വീകരെയും ചങ്ങലക്കിട്ട റൂബെൻ ദ്വീപ് മനുഷ്യൻ നീതിക്കുവേണ്ടി നടത്തിയ പോരാട്ടത്തിന്റെ സ്മാരകമായി ലോകത്തിന് മുന്നിൽ സമർപ്പിക്കാനാവില്ലായിരുന്നു.

മണ്ടേലക്ക് ആദരാഞ്ജലികളർപ്പിക്കുന്നതിനായി ജോഹന്നാസ് ബർഗിലേക്ക് ഒഴുകിയെത്തിയവർക്കിടയിൽ നിന്ന് പ്രസിഡണ്ട് ജേക്കബ് സുമക്കെതിരെ ഉയർന്നുകേട്ട കൂവി വിളിയും ശവസംസ്കാരത്തിന്റെ ഭാഗമായി കുനുവിലെ ഗോത്രാചാരങ്ങൾക്കിടയിൽ നിന്ന് ഉയർന്നുകേട്ട ബലിക്കളയുടെ രോധനവുമെല്ലാം മുന്നിലും പിന്നിലും മണ്ടേല അവശേഷിപ്പിച്ചുപോകുന്ന പ്രതിസന്ധികളും മാറാലകളുമാണ്. വ്യവസായവത്കരണവും ഭൂപരിഷ്ക്കരണവും വിദ്യാഭ്യാസപരിഷ്ക്കരണവും ദാരിദ്ര്യനിർമ്മാർജ്ജനവും, എയ്ഡ്സ് നിർമ്മാജ്ജനവുമടക്കം രാഷ്ട്രത്തെ പുനരാവിഷ്കരിക്കുന്ന നിരവധി പദ്ധതികളുമായിട്ടാണ് മണ്ടേല രാഷ്ട്ര നിർമ്മാണത്തിന് നേതൃത്വം നല്കിയതെങ്കിലും ഇവയെല്ലാം നിർവ്വഹിക്കപ്പെട്ടത് വെള്ളക്കാർ ഒസ്യത്തായി നൽകിയ സാമ്പത്തിക ഘടനക്കുള്ളിലും ആഗോള മൂലധനത്തെ ആശ്രയിച്ചുമാണ്. സാമൂഹ്യാസമത്വങ്ങൾ ദൂരീകരിക്കുന്നതിൽ വിജയം നേടാനായെങ്കിലും സാമ്പത്തികാസമത്വങ്ങൾ ഇല്ലാതാക്കുവാൻ നടപടികളൊന്നുമുണ്ടായില്ല. രാജ്യത്തെ ജനങ്ങളിൽ പകുതിയോളമാളുകൾ ദാരിദ്ര്യത്തിലാണ്. മൂന്നിലൊന്നോളം പേർ തൊഴിൽ ഇല്ലാത്തവർ. സ്വാതന്ത്ര്യത്തിന്റെ നേട്ടങ്ങൾ സമ്പന്നമായൊരു ന്യൂനപക്ഷത്തിന്റെ ആഘോഷമായി മാറി. പ്രസിഡണ്ട് ജേക്കബ് സുമയെപ്പോലുള്ള ഭരണാധികാരികൾ ഭാര്യമാരും മക്കളും അവരുടെ മക്കളുമായി ഖജനാവ് ചോർത്തി ആഡംബര ജീവിതം നയിക്കുന്നു. ബഹുരാഷ്ട്രകുത്തകളുമായി ചേർന്നു ദേശീയ സമ്പത്ത് കൊള്ളയടിക്കുന്നു. ഈക്കൂട്ടത്തിൽ മണ്ടേലയുടെ കുടുംബാംഗങ്ങളും ഉണ്ടെന്നത് വിരോധാഭാസമാണ്. ഇതിൽ പ്രതിഷേധമുള്ളവരാണ് മാഡിബയെ ആദരിക്കാനെത്തിയ ലോകനേതാക്കളുടെ വാക്കുകൾക്കു മുന്നിൽ നിർത്താതെ കരഘോഷം മുഴക്കുകയും, തങ്ങളുടെ രാഷ്ട്രത്തലവനെ കൂവിയിരുത്താനും നോക്കിയത്. അവിടെ വീണ്ടും മണ്ടേല പോരാട്ട വീര്യമായി മാറുകയാണ്.

കുനുവിലെ കുന്നുകൾക്കിടയിലെ പച്ചപ്പിലും ശാന്തതയിലും മുളപൊട്ടിയ മണ്ടേലയുടെ ഭാവന ഗോത്രജീവിതത്തിന്റെ അതിരുകൾ ഭേദിച്ച് ആഫ്രിക്കൻ യാഥാർത്ഥ്യങ്ങളിലേക്കും കറുത്തവരുടെ മോചനത്തിലേക്കും അവരുടെ കർതൃത്വനിർമ്മാണത്തിലേക്കും നീങ്ങുമ്പോൾ അതിന്റെ മാസ്മരികതയിലേക്ക് ലോകത്തെമ്പാടുമുള്ള കീഴാള ജനസമൂഹങ്ങൾ ആകർഷിക്കപ്പെട്ടിരുന്നു. അതിൽ ഇന്ത്യയിലെ/കേരളത്തിലെ ദലിതരുമുണ്ടായിരുന്നു. കറുപ്പ് സുന്ദരമാണെന്ന് അവരറിഞ്ഞത് ആഫ്രിക്കയിലെയും അമേരിക്കയിലെയും കറുത്തവരുടെ പോരാട്ട മുഖത്തു നിന്നാണ്. വംശാധിപത്യത്തിനെതിരായ പോരാട്ടത്തിൽ കറുത്തവരുടെ ആത്മാഭിമാനം വീണ്ടെടുക്കാൻ മണ്ടേല ശ്രമിച്ചതുപോലെ ജാത്യാധിപത്യത്തിനെതിരായ പോരാട്ടത്തിൽ ദലിതരുടെ ആത്മാഭിമാനം വീണ്ടെടുക്കാനാണ് അംബേദ്കർ ശ്രമിച്ചത്. ജാതിവിവേചനങ്ങൾക്കും ഉച്ചനീചത്വങ്ങൾക്കും അതിക്രമങ്ങൾക്കുമെതിരെ 1989 ൽ 'മനുസ്മൃതി ചുട്ടെരിക്കുക' എന്ന സന്ദേശമുയർത്തി അധഃസ്ഥിത നവോത്ഥാനമുന്നമി കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേക്ക് നടത്തിയൊരു ജാഥയിലേക്ക് തടവറയിലായിരുന്ന മണ്ടേല എത്തിയത് ഗാനവും സംഗീതവുമായാണ്. അതായിരുന്നു ആ ജാഥയുടെ ആവേശങ്ങളിലൊന്ന്. കറുത്തവർക്കും ദലിതർക്കും മാത്രമല്ല സ്വന്തം കർതൃത്വമില്ലാത്ത ഏതു മനുഷ്യസമൂഹത്തിനും മണ്ടേലയിൽ നിന്ന് ചിലത് പഠിക്കാനുണ്ട്. ഒപ്പം അവരുടെ മർദ്ദകർക്കും.

അസാദ്ധ്യമായതിനെ സാദ്ധ്യമാക്കുകയായിരുന്നു മണ്ടേല. പൂർവ്വികരുടെ പതനങ്ങൾക്കിടയിലെ ഒരുയർത്തെഴുന്നേൽപ്പ്. എത്ര തവണ നിലംപതിച്ചുവെന്നതിലല്ല, എത്ര തവണ ഉയർത്തെഴുന്നേൽക്കാനായി എന്നതിലാണ് മണ്ടേല മനുഷ്യന്റെ മഹത്വം ദർശിച്ചത്. അതുതന്നെയാണ് മണ്ടേലയുടെ ജീവിതം പീഡിതർക്ക് നൽകുന്ന സന്ദേശവും.

Printed and Published by K.P. Lijukumar K.P.. at Printers Print, Kozhikode, 673001. Editor: Divya D.V.